# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069 ,2331103
ഇ.മെയിൽ: keralasahityaakademi@gmail.com
വെബ്സൈറ്റ്: www keralasahityaakademi.org


09.10.2017

**പത്രക്കുറിപ്പ്:**

## ഡോ.വി.സി.ഹാരിസിന്റെ നിര്യാണത്തിൽ കേരള സാഹിത്യ അക്കാദമി അനുശോചിച്ചു

മലയാളത്തിലെ ഉത്തരാധുനിക വിമർശനത്തിനും ദളിത് ചിന്തയ്ക്കും സ്ത്രീപക്ഷ നിരൂപണത്തിനും സൈദ്ധാന്തിക അടിത്തറ പാകിയ പ്രതിഭയാണ് ഡോ.വി.സി.ഹാരീസെന്ന് സാഹിത്യ അക്കാദമിയുടെ അനുശോചനക്കുറിപ്പിൽ സെക്രട്ടറി ഡോ.കെ.പി. മോഹനൻ പറഞ്ഞു. കലാദർശനത്തിന്റെയും സൗന്ദര്യശാസ്ത്രവിചാരത്തിന്റെയും രംഗത്ത് പുത്തനുണർവ്വ് പകർന്ന ആഴമേറിയ പഠനങ്ങൾ വി.സി.ഹാരീസ് നിർവഹിച്ചു. ഭാഷാപണ്ഡിതൻ, പരിഭാഷകൻ, ഗവേഷകൻ എന്നീ നിലകളിൽ ശോഭിച്ച ഹാരീസ് ഒട്ടേറെ സാഹിത്യവിദ്യാർത്ഥികൾക്ക് വഴികാട്ടിയായ മാതൃകാധ്യാപകനായിരുന്നു. നവീന നാടക പ്രസ്ഥാനത്തിന്റെ അരങ്ങുണർത്തുന്നതിൽ സംവിധായകൻ, നടൻ, സംഘാടകൻ എന്നീ നിലകളിൽ അദ്ദേഹം ശ്രദ്ധേയമായ സംഭാവനകൾ നൽകിയെന്നും അനുശോചനക്കുറിപ്പിൽ പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി